# സ്കൂൾ പ്രൊഫൈൽ 2025-26

| | | |
|---|---|---|
| സ്കൂളിന്‍ പേര് | : | എ .എൽ .പി .എസ് ആമയൂർ |
| **മേൽവിലാസം** | : | **ആമയൂർ പി ഓ**<br>**മലപ്പുറം ജില്ല**<br>**PIN – 676123** |
| ഇമെയിൽ | : | alpsamayur@gmail.com |
| **ഫോൺ നമ്പർ** | : | **9895177452** |
| ബി.ആർ.സി. | : | **മഞ്ചേരി** |
| **വിദ്യാഭ്യാസ ഉപജില്ല** | : | **മഞ്ചേരി** |
| **വിദ്യാഭ്യാസ ജില്ല** | : | **മലപ്പുറം** |
| **റവന്യൂ ജില്ല** | : | **മലപ്പുറം** |
| **ഗ്രാമപഞ്ചായത്ത്** | : | **തൃക്കലങ്ങോട്** |
| **ബ്ലോക്ക് പഞ്ചായത്ത്** | : | **വണ്ടൂർ** |
| **ജില്ല പഞ്ചായത്ത്** | : | **മലപ്പുറം** |
| **താലൂക്ക്** | : | **ഏറനാട്** |
| **വാർഡ് ,പേര്** | : | **02 ,ആമയൂർ** |
| **വില്ലജ്** | : | **കാരക്കുന്ന്** |
| **സ്കൂൾ വിഭാഗം** | : | **എൽ .പി വിഭാഗം (1 മുതൽ 4 വരെ )** |

| | | |
|---|---|---|
| പഠന മാധ്യമം | : | മലയാളം ,ഇംഗ്ലീഷ് |
| സ്കൂൾ കോഡ് | : | 18589 |
| യുഡയസ് കോഡ് | : | 32050601103 |
| പ്രധാനാധ്യാപകൻ | : | ദേവരാജ്.പി |
| പി .ടി .എ പ്രസിഡന്റ് | : | സാലിഹ മാമ്പ്ര |
| വാർഡ് മെമ്പർ | : | ജമീല റസാഖ് |

## ഉള്ളടക്കം


- ❖ ആമുഖം
- ❖ വിദ്യാലയ വികസന കാഴ്ചപ്പാട്
- ❖ പൊതുലക്ഷ്യങ്ങളും ഉപലക്ഷ്യങ്ങളും
- ❖ അക്കാദമിക പ്രവർത്തനങ്ങൾ
- ❖ സമൂഹബന്ധ ആസൂത്രണ രേഖ
- ❖ ഭൗതിക സൗകര്യവികസന ആസൂത്രണം
- ❖ പ്രവർത്തനങ്ങളുടെ വിശദാംശം
- ❖ ഉപസംഹാരം


## ആമുഖം

മലപ്പുറം ജില്ലയിൽ മഞ്ചേരി ഉപജില്ലയിൽ തൃക്കലങ്ങോട് ഗ്രാമപഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറായി രണ്ടാം വാർഡിലാണ് ആമയൂർ എ.എൽ.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1951 ൽ മദ്രാസ് എലിമെന്ററി ബോർഡിന്റെ കീഴിൽ വിദ്യാലയം

ആരംഭിച്ചു. പരേതനായ ശ്രീ കൊട്ടക്കോടൻ ഉണ്ണിമൊയ്തീൻ ഹാജിയിരുന്നു ആദ്യത്തെ മാനേജർ. തുടർന്ന് 1984 ൽ ശ്രീ കൊടിത്തോടിക മോയിൻ കുട്ടി മാനേജ്മന്റ് ഏറ്റെടുത്തു. അദ്ദേഹത്തിന്റെ നിര്യാണത്തെ തുടർന്ന് പത്നിയായ ശ്രീമതി ആസ്യ.കെ ആണ് ഇപ്പോഴത്തെ മാനേജർ.

ശ്രീ അച്ച്യുതപിഷാരടി എന്ന ഷാരൊടി മാസ്റ്ററായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. ഈ സ്കൂളിൽ നിന്നും അവസാനമായി വിരമിച്ച പ്രധാനാദ്ധ്യാപിക ശ്രീമതി പി.കെ ഓമന ടീച്ചറാണ്. ഇപ്പോഴത്തെ പ്രധാനാദ്ധ്യാപകൻ ശ്രീ ദേവരാജ് മാസ്റ്ററാണ്.

2025 26 അധ്യായന വർഷത്തിൽ സ്കൂളിൻറെ കെട്ടിടങ്ങളിലും മറ്റ് ഭൗതിക സാഹചര്യങ്ങളും മികവുറ്റതാക്കി.

പഠനരംഗത്തും മറ്റ് കലാകായിക രംഗത്തും അഭിനന്ദനാർഹമായ പ്രകടനങ്ങൾ കാഴ്ചവെച്ചു. ഉപജില്ല ശാസ്ത്രമേള, പഞ്ചായത്ത് തല ക്വിസ് മത്സരങ്ങൾ , LS S പോലുള്ള പരീക്ഷകളിൽ ഉന്നത വിജയം കൈവരിക്കാൻ സാധിച്ചു.

പൂർവ വിദ്യാർത്ഥിയുടെ സഹകരണത്തോടെ സ്കൂളിൽ മാധ്യമം വെളിച്ചം പദ്ധതി നടപ്പിലാക്കി. ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയ വിജയ് പ്രവർത്തനങ്ങളുടെ നിർവഹണത്തിലൂടെ പഠന പിന്നോക്കം നിന്ന കുട്ടികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ സാധിച്ചു പ്രൊജക്ടർ ,കമ്പ്യൂട്ടർ എന്നിവയുടെ സഹായത്താൽ ഐസിടി ക്ലാസ് റൂം പ്രവർത്തനങ്ങൾ എന്നിവ ഫലപ്രദമാക്കി മാറ്റിയിട്ടുണ്ട്. ഇവയുടെ സഹായത്താൽ പാഠ്യപാഠേതര രംഗങ്ങളിൽ തിളക്കമാർന്ന വിജയം നേടിയെടുക്കാൻ ഈ വിദ്യാലയത്തിലെ കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്.

## വിദ്യാലയ വികസന കാഴ്ചപ്പാട്

കുട്ടികൾക്ക് ഏറ്റവും മികച്ച വിദ്യാഭ്യാസം എന്നത് ഓരോ രക്ഷിതാവിന്റെയും ആഗ്രഹമാണ് . ഭാവിയിൽ ഈ സമൂഹത്തിൽ ജീവിക്കണമെങ്കിൽ അതിന് അനുഗുണമായ വിദ്യാഭ്യാസം ലഭിക്കണമെന്ന് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നു. കുട്ടി ആരോഗ്യത്തോടെ വളരുക ,നല്ല നിലയിൽ പഠിക്കുക, മികവുറ്റ വ്യക്തിത്വത്തിനുടമായായ സാമൂഹ്യ ജീവി ആവുക എന്നിങ്ങനെ രക്ഷിതാവിൻറെയും അധ്യാപകന്റെയും ആഗ്രഹ സഫലീകരണത്തിന് അനുഗുണമായ വിദ്യാഭ്യാസ കാഴ്ചപ്പാട് ഉരുത്തിരിഞ്ഞ് വരേണ്ടതുണ്ട്.

വളർച്ചയിലും വികാസത്തിലും സഹജമായ താൽപര്യത്തിലും ഓരോ കുട്ടിയും മറ്റു കുട്ടികളുടെ മേലിൽ നിന്ന് വ്യത്യസ്തമായിരിക്കേ ആ വ്യത്യസ്തതയെ

പരിഗണിച്ചുകൊണ്ട് പഠന പിന്തുണ നൽകുക എന്നതാണ് ഈ അക്കാദമി പ്ലാനിന്റെ പൊതുവായ കാഴ്ചപ്പാട്.

- പഠനത്തോടൊപ്പം ഓരോ കുട്ടികളും തൻറെ സമൂഹത്തെയും സംസ്കാരത്തെയും തിരിച്ചറിഞ്ഞ് സമൂഹത്തിൽ ഇടപെടാനുള്ള പ്രവർത്തനങ്ങൾ നൽകുക.
- മാനസികമൂല്യങ്ങളും സാമൂഹ്യ ബന്ധങ്ങളും ഉൾച്ചേർന്ന വ്യക്തിത്വ വികാസത്തിന് അനുഗുണമായ പ്രവർത്തനങ്ങൾ നൽകാൻ ഓരോ പ്രായ ഘട്ടത്തിലും അനുയോജ്യമായ വിധം മികച്ച പ്രവർത്തനമാക്കുക.
- ആശയ വിനിമയം നടത്താനുതകുന്ന രീതിയിൽ ഭാഷാ വികാസം സാധ്യമാക്കൽ.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിക്കുകയും അവർക്കുള്ള കഴിവുകളിൽ ആത്മവിശ്വാസം കണ്ടെത്താൻ സഹായിക്കുകയും ചെയ്യൽ.
- പാഠ്യ പാഠ്യനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയന്തരീക്ഷം സൃഷ്ടിക്കുക.
- ശുചിത്വം ,ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പ്രത്യേക പരിഗണന അറിയിക്കുന്ന കുട്ടികളുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കൽ.
- അന്വേഷണാത്മക പഠനത്തിൻറെ സാധ്യതകൾ ക്ലാസ് റൂം ചേർക്കൽ പരീക്ഷണ പ്രവർത്തനങ്ങളിൽ മുഴുവൻ കുട്ടികളെയും പങ്കാളിത്തം ഉറപ്പാക്കൽ.
- മികവാർന്നശേഷികളും ധാരണകളും ഓരോ കുട്ടിയും നേടുന്നുണ്ടെന്ന് ഉറപ്പാക്കൽ.
- എല്ലാ ജീവികളും ഭൂമിയുടെ അവകാശികൾ ആണെന്ന് നിരീക്ഷിച്ച കൊണ്ട് പരിസ്ഥിതി കാവബോധത്തോടെ ജീവിതം കെട്ടിപ്പടുക്കാനുള്ളഉൾക്കാഴ്ച നൽകൽ.
- ഉൾചേർന്ന വിദ്യാഭ്യാസം നടപ്പാക്കൽ.

## മികവ്  മാറ്റത്തിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

### അക്കാദമികം :

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്രപോഷണം
- വായനാപരിപോഷണം
- ലൈബ്രറി ശാക്തീകരണം
- പ്രതിഭാപോഷണം
- നാടക കളരി
- സ്കൂൾ അടുക്കളത്തോട്ടം
- സ്കൂൾ സാഹിത്യ പോഷണ പരിപാടി
- പഠന യാത്രകൾ
- കലാകായികമേളകൾ
- ഐടി പരിശീലനം
- അധ്യാപക ശാക്തീകരണം

- ക്ലാസ് പി ടി.എ സജീവമാക്കൽ
- രചനാ ശില്പശാല
- നിരന്തര വിലയിരുത്തൽ

**ഭൗതികം :**

- ഐസിടി ക്ലാസ് മുറികൾ
- ലൈബ്രറി
- അസംബ്ലി ഹാൾ
- കുടിവെള്ള വിതരണം
- മാലിന്യ സംസ്കരണം
- ടോയ്ലറ്റ്
- ചുറ്റുമതിൽ

**സാമൂഹികം :**

- പിടിഎ ശാക്തീകരണം
- വിദ്യാലയ വികസന സമിതി
- പൂർവവിദ്യാർഥി സംഘടന

- ഗ്രന്ഥശാലകൾ ,ക്ലാസുകൾ സന്നദ്ധ സംഘടനകൾ, പൂർവ്വധ്യാപകർ,സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ
- സി പി ടി എ മാതൃക പരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക
- ഗൃഹ സന്ദർശനം

## പൊതു ലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലും ഓരോ വിഷയത്തിലും കുട്ടി ആർജിക്കേണ്ട ശേഷികൾ നേടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, ശേഷികൾ കണ്ടെത്തി പ്രദർശിപ്പിക്കുക.
- മാസ്റ്റർ പ്ലാനിന്റെ പുരോഗതി നേട്ടങ്ങൾ എന്നിവ നിശ്ചിത ഇടവേളകളിൽ ക്ലാസ് പിടിഎ സ്കൂൾ വികസന സമിതി എന്നിവയിൽ അവതരിപ്പിച്ച് സമൂഹത്തിൻറെ പിന്തുണ ഉറപ്പാക്കുക.
- മതനിരപേക്ഷത ജനാധിപത്യ സംസ്കാരം അടക്കമുള്ള സാമൂഹിക മൂല്യങ്ങൾ വികസിപ്പിക്കാൻ ആവശ്യമായ അനുഭവങ്ങൾ ഒരുക്കുക.
- മാതൃഭാഷക്കൊപ്പം ഇംഗ്ലീഷ്, അറബി ഭാഷകളിൽ ഉയർന്നശേഷി കൈവരിക്കാൻ ഉള്ള സ്കൂൾ ,ക്ലാസ് തല പ്രവർത്തനങ്ങൾ ഉറപ്പാക്കുക.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യവും ഒരുക്കി കൊടുക്കുക.
- സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് മികച്ച പഠനാനുഭവങ്ങൾ, പഠനബോധന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ് മുറികളിൽ നടക്കുന്നു എന്ന് ഉറപ്പുവരുത്തുക.
- മികച്ച പഠനാനുഭവങ്ങൾ നവ സാങ്കേതികവിദ്യ കൂടി പ്രയോജനപ്പെടുത്തി ഒരുക്കുന്നതിനായി എല്ലാ അധ്യാപകരെയും സജ്ജമാക്കുക.

- അധ്യാപക പരിശീലന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.
- CWSN , language barrier ഉള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണ ഉറപ്പാക്കുക.
- ഉൾചേർന്ന വിദ്യാഭ്യാസം ഉറപ്പാക്കുക.
- കൂടുതൽ ശ്രദ്ധ വേണ്ടുന്ന വിഷയങ്ങൾക്ക് ഊന്നൽ നൽകുക.
- ശാരീരിക ആരോഗ്യം ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ലഹരി ഉപയോഗത്തിന്റെ ദൂഷ്യങ്ങളെകുറിച്ച്  കുട്ടികളെ ബോധവൽക്കരിക്കുക.
- കുട്ടികളിൽ വായനാശീലം പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി പ്രവർത്തനങ്ങൾ, പത്രവാർത്ത, പത്ര ക്വിസ് ശാക്തീകരിക്കുക.
- മാലിന്യ സംസ്കരണത്തിന് സാധ്യമായ മാർഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ശുചിത്വ വിദ്യാലയം എന്ന പ്രവർത്തന പദ്ധതി നടപ്പിലാക്കുക.
- സ്കൂൾ റേഡിയോ സജ്ജമാക്കുക.
- പോർട്ട്ഫോളിയോ വിപുലപ്പെടുത്തുക.
- വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കാൻ പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ഉച്ചഭക്ഷണം വൈവിധ്യവും ആകർഷണീയവും ആക്കുക.
- പിടിഎ ,എം പി ടി എ ശാക്തീകരിക്കുക.

- ഓരോ ആഴ്ചയിലും എസ് ആർ ജികൾ ചേർന്ന് വിലയിരുത്തുക.

.